(എ) റോഡരികിലെ പൊതുയോഗങ്ങളും പ്രകടനങ്ങളും നിരോധിച്ച കോടതിവിധിമൂലമുണ്ടായ സ്ഥിതിവിശേഷം തരണം ചെയ്യാനുള്ള നടപടി സ്വീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയേറ്റ് പരിസരത്ത് സമരപ്പന്തലുകൾ പാടില്ലെന്ന് നിർദ്ദേശിച്ചുകൊണ്ടുള്ള കോടതിവിധി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ; എങ്കിൽ അത് നടപ്പാക്കുന്നതിനുള്ള നിർദ്ദേശമെന്തെങ്കിലും ബന്ധപ്പെട്ട അധികൃതർക്ക് നൽകിയിട്ടുണ്ടോ ;

(ഡി) ഇത്തരത്തിലുള്ള വിധികൾ തുടരെത്തുടരെ ഉണ്ടാകുന്നതിന്റെ കാരണം വിശകലനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ഇ) ഈ വിഷയത്തിൽ പൊതുതാല്പര്യഹർജികളുമായി പൊതുജനങ്ങൾ കോടതികളെ സമീപിക്കുന്നതിനുള്ള കാരണങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; അതിനുള്ള പരിഹാരനടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സ്ഥിതിവിശേഷം തരണം ചെയ്യുന്നതിന് കേരളാ പബ്ലിക് വേയ്സ് (റെസ്ട്രിക്ഷൻ ഓഫ് അസംബ്ലീസ് ആന്റ് പ്രോസഷൻസ്) ആക്ട് 2011 എന്ന നിയമം പാസ്സാക്കിയിട്ടുണ്ട്.

(സി-ഇ) നിയമസഭ പാസ്സാക്കിയ 2011-ലെ കേരളാ പബ്ലിക് വേയ്സ് (റെസ്ട്രിക്ഷൻ ഓഫ് അസംബ്ലീസ് ആന്റ് പ്രൊസഷൻസ്) ആക്ടിന്റെ അടിസ്ഥാനത്തിൽ ഇതുപോലെയുള്ള ഹർജികളുമായി പൊതുജനങ്ങൾ കോടതികളെ സമീപിക്കേണ്ട ആവശ്യം ഉണ്ടാകില്ലെന്നാണ് സർക്കാർ കരുതുന്നത്.

വഴിയോരങ്ങളിലെ ജാഥയും പൊതുയോഗവും നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതിവിധി നടപ്പിലാക്കാൻ നടപടി

20 (22) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിയോരങ്ങളിലെ ജാഥയും പൊതുയോഗവും നിരോധിച്ചുകൊണ്ടുള്ള ഹൈക്കോടതി വിധി നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇക്കാര്യം ചർച്ച ചെയ്യുന്നതിന് ഒരു സർവ്വകക്ഷി യോഗം ചേരുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത കോതിവിധി നടപ്പിലാക്കുന്നതിനായി ഏതെങ്കിലും തരത്തിലുള്ള നിയമ നിർമ്മാണം നടത്തണമെന്ന നിർദ്ദേശം പരിഗണന യിലുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) കോടതിവിധിയുടെ അടിസ്ഥാനത്തിൽ നിയന്ത്രണവിധേയമായി പൊതുയോഗങ്ങൾ നടത്തുന്നതിന് എന്തൊക്കെ ബദൽ നിർദ്ദേശങ്ങളാണ് പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹൈക്കോടതിയുടെ 13-8-2010-ലെ WP(C)19253/2010 നമ്പർ വിധിക്കെതിരെ സർക്കാർ സുപ്രീംകോടതിയിൽ സ്പെഷ്യൽ ലീവ് പെറ്റീഷൻ ഫയൽ ചെയ്തിരുന്നുവെങ്കിലും 6-1-2011-ൽ സുപ്രീംകോടതി ഇത് തള്ളുകയുണ്ടായി.

(ബി-ഇ) ജില്ലാ മജിസ്ട്രേട്ടിന്റെയോ ജില്ലാ പോലീസ് സൂപ്രണ്ടിന്റെയോ നിയന്ത്രണങ്ങൾക്ക് വിധേയമായി മതപരമായ ചടങ്ങുകളും ഉത്സവങ്ങളും ഉൾപ്പെടെയുള്ള യോഗങ്ങൾ നടത്തുന്നത് അനുവദിച്ചുകൊണ്ട് 18-2-2011-ൽ നിയമസഭ ബിൽ പാസാക്കുകയും ഈ നിയമം നിലവിൽവരികയും ചെയ്തിട്ടുണ്ട്.

വഴിയോരങ്ങളിൽ പൊതുയോഗങ്ങൾ നടത്തുന്നത് നിരോധിച്ച ഹൈക്കോടതിവിധി

21 (23) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിയോരങ്ങളിൽ നടത്തുന്ന പൊതുയോഗങ്ങൾ നിരോധിച്ച ഹൈക്കോടതി വിധി ശരിവച്ചുകൊണ്ടുള്ള സുപ്രീംകോടതി വിധിയെക്കുറിച്ച് സംസ്ഥാന സർക്കാർ വിശകലനം നടത്തിയിരുന്നുവോ ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ കൈക്കൊള്ളാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) സർക്കാരിനും ചീഫ് സെക്രട്ടറിക്കും കൂടുതൽ അധികാരങ്ങൾ നൽകുന്നതിന് ഹൈക്കോടതി വിധി സഹായകരമാകുമെന്ന് കരുതുന്നുണ്ടോ ;

(ഡി) ഹൈക്കോടതി വിധി നടപ്പാക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly